നഗരശ്രീ പദ്ധതി

29 (*659) ശ്രീ. ബാബു പോൾ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗരശ്രീ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഈ പദ്ധതിയുടെ പ്രയോജനം ഇതിനകം എത്ര പേർക്ക് ലഭിച്ചിട്ടുണ്ട് ; ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ?

തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ & ബി) നഗരശ്രീ എന്ന പേരിൽ ഇപ്പോൾ പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കുന്നില്ല. നഗര പ്രദേശങ്ങളിലെ തെരുവു കച്ചവടക്കാരുടെ പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ട് 'നഗരശ്രീ' എന്ന പേരിൽ പ്രത്യേക പദ്ധതി ആരംഭിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കുടുബശ്രീയിലെ ഒരു പ്രോഗ്രാം ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു . എന്നാൽ കേന്ദ്ര ഗവൺമെന്റ് തെരുവ് കച്ചവടക്കാരുടെ പുനരധിവാസത്തിന് ദേശീയനയം പ്രഖ്യാപിക്കുകയും നഗര സഭകൾക്ക് പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിന് കൺസൾട്ടന്റുകളുടെ സേവനം ലഭ്യമാക്കുന്നതിന് തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിൽ 'നഗരശ്രീ'പദ്ധതിക്കു വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായില്ല. എന്നാൽ കൊച്ചി നഗരസഭ അതിർത്തിക്കുള്ളിലെ തെരുവോര ഭക്ഷണ കച്ചവടക്കാരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ, കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ വ്യവസായ മന്ത്രാലയത്തിന്റെ കീഴിൽ നടത്തുന്ന സേഫ് ഫുഡ് സോൺ പ്രോജക്ടിൻകീഴിൽ നഗരസഭ സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് അനുമതിക്കായി കേന്ദ്ര ഗവൺമെന്റിന് അയച്ചു കൊടുത്തിട്ടുണ്ട്.

പോലീസിന്റെ വിവിധ വിഭാഗങ്ങളിൽനിന്നും രഹസ്യസ്വഭാവമുള്ള വിവരങ്ങൾ ചോരുന്നത് തടയാൻ നടപടി

30 (*660) ശ്രീ. യു .സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ വിവിധ വിഭാഗങ്ങളിൽ നിന്നും രഹസ്യ സ്വഭാവമുള്ള വിവരങ്ങൾ ചോരുന്നതായ റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly